ഭരണഭാഷ -മാതൃഭാഷ

## ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ(ഇൻ ചാർജ്ജ്) നടപടിക്രമം

(ഹാജർ: ഡോ. എ.കൗശിഗൻ ഐ.എ.എസ്.)

(ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം)

---

നം.എൽ.ആർ.(ഇ 5)-2000/2020 തീയതി: 30/01/2020

---

**വിഷയം:-** ലാൻഡ് റവന്യൂ വകുപ്പ് - ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും -ഭേദഗതി വരുത്തിയും സ്ഥലംമാറ്റം നൽകിയും ജോലിക്രമീകരണ വ്യവസ്ഥയിലുള്ള നിയമനം തുടരാൻ അനുവദിച്ചും -ഉത്തരവാകുന്നു.

**പരാമർശം:-**

1. ലാൻഡ് റവന്യൂ ജോയിൻറ് കമ്മീഷണറുടെ21/01/2020 തീയതിയിലെ മേൽ നമ്പർ നടപടിക്രമം
2. ലാൻഡ് റവന്യൂ ജോയിൻറ് കമ്മീഷണറുടെ 09/01/2020 തീയതിയിലെ എൽ.ആർ.ഇ.8-49994/16 നമ്പർ നടപടിക്രമം

ലാൻഡ് റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും അനുവദിച്ചുകൊണ്ടുള്ള പരാമർശം(1) നടപടിക്രമം ചുവടെ ചേർത്തിട്ടുള്ള പ്രകാരം ഭേദഗതി ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

**സ്ഥലംമാറ്റ പട്ടിക**

| പരാമർശം(1) ഉത്തരവിലെ ക്രമ നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന ജില്ല/ഓഫീസ് | സ്ഥലം മാറ്റി നിയമിക്കുന്ന ജില്ല/ ഓഫീസ് | റിമാർക്സ് |
|---|---|---|---|---|
| 10 | സബീന സി.എച്ച്. | കണ്ണൂർ | വയനാട് | റീ അലോട്ട്മെന്റ് |

**സ്ഥാനക്കയറ്റ പട്ടിക**

| പരാമർശം(1) ഉത്തരവിലെ ക്രമ നമ്പർ | സിനിയോരിറ്റി നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന ജില്ല | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ജില്ല |
|---|---|---|---|---|
| 9 | 9163 | ഷീബാമ്മ ജോസഫ് | വയനാട് | കണ്ണൂർ |

കൂടാതെ തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് ഒഴിവിലേക്ക് കാസറഗോഡ് ജില്ലാ റവന്യൂ ഭരണത്തിൻ കീഴിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ഹരീഷ് ആർ.നാഥിനെ ഭരണപരമായ സൗകര്യം കണക്കിലെടുത്ത് സ്ഥലംമാറ്റി നിയമിച്ചും പരാമർശം(1) നടപടിക്രമം പ്രകാരം ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി മലപ്പുറം ജില്ലയിൽ നിയമിച്ചിട്ടുള്ള ശ്രീ ലാലു റ്റി.എൽ ന് പരാമർശം(2) നടപടിക്രമം പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് & ഡിസാസ്റ്റർ മാനേജ്മെന്റിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമനം നല്കിയിട്ടുള്ള സാഹചര്യത്തിൽ ടിയാനെ ജോലിക്രമീകരണ വ്യവസ്ഥയിൽ തുടരാൻ അനുവദിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-

**ജോയിന്റ് കമ്മീഷണർ(IC)**

വ്യക്തികൾക്ക് (ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ മുഖാന്തിരം)

പകർപ്പ്:

1. പ്രിൻസിപ്പൽ സെക്രട്ടറി , റവന്യൂ(സി) വകുപ്പ്(ആമുഖ കത്ത് സഹിതം)
2. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് & ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
3. ജില്ലാ കളക്ടർ തിരുവനന്തപുരം/മലപ്പുറം/വയനാട് കണ്ണൂർ/കാസറഗോഡ്.

4. അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ)/ (സീനിയോരിറ്റി സെൽ )
5. സി.എ.– കമ്മീഷണർ/ജോയിന്റ്കമ്മീഷണർ.
6. സ്റ്റേറ്റ് ഐ.റ്റി. സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്